superiors and other representatives of the religious in the eparchy at eparchial pastoral centre

: Annual day, Little Flower school, Chelakara

28 : Holy Mass & meeting, Parish day, Tirupur

29 : Housing committee meeting at Bishop's House

31 : Holy Mass & Meeting at Christu Jyothi (FCC) school, Erode




**ഡിസംബർ 2024**

01 : രാമനാഥപുരം രൂപതയിലെ ഡീക്കന്മാരുടെ ഓറിയന്റേഷൻ പ്രോഗ്രാമിന് ആരംഭംകുറിച്ചു.

02 : ഗാന്ധിപുരം ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

03 : പാസ്റ്ററൽ സെന്ററിൽ വിവാഹത്തിന്റെ ഗോൾഡൻ ജൂബിലിയും, സിൽവർ ജൂബിലിയും ആഘോഷിക്കുന്നവരുടെ സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

: പോത്തന്നൂർ സെന്റ് ക്ലോത്തിൽഡ ദൈവാലയത്തിൽ വച്ച് സി.സി.ഇ.എഫ്. ന്റെ നേതൃത്വത്തിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

04 : എട്ടിമടയിലെ അസ്സീസ്സി സെന്ററിൽ എയ്ഡ്സ് ദിനാചരണത്തിൽ പങ്കെടുത്തു.

05 : ഡിസംബർ മാസത്തിലെ ധ്യാനത്തിലും ചർച്ചയിലും പങ്കെടുത്തു. വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.

7-9 : വാൽപ്പാറ സെന്റ് ലൂക്ക് ദൈവാലയത്തിൽ ഫാമിലി-പാസ്റ്ററൽ വിസിറ്റ് നടത്തി. വി.ബലിയർപ്പിക്കുകയും വീടുകൾ സന്ദർശിക്കുകയും കുടുംബക്കൂട്ടായ്മകളിലും പൊതുയോഗത്തിലും സംഘടനാ മീറ്റിങ്ങുകളിലും അദ്ധ്യക്ഷതവഹിക്കുകയും ചെയ്തു.

9 : വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

: പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബ്ബന്ധിക്കുകയും അദ്ധ്യക്ഷതവഹിക്കുകും ചെയ്തു.

11 : ഡീക്കന്മാർക്ക് ക്ലാസ്സ് എടുത്തു.

16 : "ഇവാഞ്ചലൈസേഷൻ 2035" ന്റെ കോർകമ്മറ്റി മീറ്റിങ്ങിൽ അദ്ധ്യക്ഷതവഹിച്ചു.

17 : പാസ്റ്ററൽ സെന്ററിൽ വച്ച് റിസോഴ്സ് ടീമിന് ക്ലാസ്സ് എടുത്തു.

18 : സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് റോസ്മേനിയൻ സന്യാസ സമൂഹത്തിലെ വൈദിക വിദ്യാർത്ഥി ബിനിക്സിന് ഡീക്കൻ പട്ടം നൽകി.

25 : സുലേശ്വരംപട്ടി സെന്റ് എലിസബത്ത് ദൈവാലയത്തിൽ തിരുപ്പിറവി കർമ്മങ്ങൾക്കും വി. കുർബാനയ്ക്കും നേതൃത്വം നല്കി.

28 : പൊറത്തൂർ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ഏങ്ങനടിയൂർ പള്ളിയിൽ ബഹു. നിക്കോളാസ് പൊറത്തൂർ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി കുർബാനയിൽ വചന സന്ദേശം നല്കി.

31 : ഇരിങ്ങാലക്കുട കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വിവാഹം ആശീർവ്വദിച്ചു.

---

# Eparchial Tribunal - Ramanathapuram

Working days: Wednesday & Thursday

Working hours: 10 AM- 4 PM

**മിശ്രവിവാഹങ്ങൾ**

വിവാഹ തടസ്സങ്ങളെപറ്റിയുള്ള കാര്യങ്ങൾ നമ്മൾ കണ്ടുകഴിഞ്ഞു. ഇനി വരുന്ന ലക്കങ്ങളിൽ നമ്മൾ പഠിക്കുന്നത് മിശ്രവിവാഹത്തെ കുറിച്ചാണ്. മിശ്രവിവാഹവും (mixed marriage) മതാന്തരവിവാഹവും (disparity of cult marriage) ഒന്നല്ല. ഇവ തമ്മിലുള്ള വ്യത്യാസം താഴെചേർക്കുന്നു.

**മിശ്രവിവാഹം (mixed marriage) :** ഒരു കത്തോലിക്കാ സഭാംഗവും - അകത്തോലിക്കാ സഭയിൽപ്പെടുന്ന സഭാംഗവും തമ്മിലുള്ള വിവാഹം. ഉദാ : യാക്കോബായ, ഓർത്തഡോക്സ്, കൽദായ, സി.എസ്.ഐ. മുതലായവരുമായുള്ള വിവാഹങ്ങൾ.

**മതാന്തരവിവാഹം (disparity of cult marriage) :** ഒരു കത്തോലിക്കാ സഭാംഗവും ഒരു അക്രൈസ്തവനും തമ്മിലുള്ള വിവാഹമാണ് മതാന്തരവിവാഹം (disparity of cult marriage).

ഉദാ : ഹിന്ദു, മുസ്ലിം തുടങ്ങിയവർ തമ്മിലുള്ള വിവാഹം.